# പതിമൂന്നാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2132** **23.3.2012 ൽ മറുപടിയ്ക്ക്**

## ചെറുകിട വൈദ്യുതി ഉത്പാദന യൂണിറ്റുകൾ

### ചോദ്യം

ശ്രീ.പി. തിലോത്തമൻ

(എ) ചെറുകിട വൈദ്യുതി ഉത്പാദന യൂണിറ്റുകൾക്കും പാരമ്പര്യേതര ഊർജ്ജ ഉത്പാദന സംവിധാനങ്ങൾക്കും പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

### ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവകുപ്പുമന്ത്രി)

(എ) & (ബി) ഉണ്ട്. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവിന്റെ 30% കേന്ദ്ര സബ്സിഡിയായും 30% കേരള സർക്കാരിന്റ സബ്സിഡിയായും നൽകുന്നു. ഇലക്ട്രിസിറ്റി ആക്റ്റ് 2003 നടപ്പിലാക്കിയതിനുശേഷം പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദന മേഖലയിൽ ഒരു നിശ്ചിത അളവ് വൈദ്യുതി Distribution Licensee വാങ്ങണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. കേരളത്തിൽ ഇത് മൂന്ന് ശതമാനമാണ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്.

ഇത്തരം പദ്ധതികളിൽ നിന്നും വൈദ്യുതി വാങ്ങിക്കുന്നതിന് Tariff കേരള ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ് തീർച്ചപ്പെടുത്തുന്നത്. പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് ഇപ്പോൾ യൂണിറ്റിന് Rs.2.94 രൂപയും കാറ്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന പുതിയ വൈദ്യുത പദ്ധതികൾക്ക് ഇപ്പോൾ Rs.3.64 രൂപയുമാണ്.

മേൽപ്പറഞ്ഞ പ്രോത്സാഹനങ്ങൾ ലഭ്യമല്ലാത്തവർക്ക് ഷെയർ മാർക്കറ്റിൽ റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് ലഭ്യമാക്കും; ഷെയർ വിൽക്കുന്നതു പോലെ ഈ സർട്ടിഫിക്കറ്റുകൾ മാർക്കറ്റിൽ വിറ്റഴിച്ച് പണം നേടാവുന്നതാണ്.

സെക്ഷൻ ഓഫീസർ